**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5477** **03-11-2021 - ൽ മറുപടിയ്ക്ക്**

**ട്രോമ കെയർ സംവിധാനമുള്ള ആശുപത്രികളിൽ ന്യൂറോ ഡോക്ടർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ട്രോമ കെയർ സംവിധാനമുള്ള ഏതെല്ലാം ആശുപത്രികളിലാണ് ന്യൂറോ ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ ആരോഗ്യവകുപ്പിന്റെ കീഴിലെ ട്രോമാകെയർ സംവിധാനമുള്ള ആശുപത്രികളിൽ എറണാകുളം ജനറൽ ആശുപത്രിയിൽ ന്യൂറോ സർജന്റെ സേവനം ലഭ്യമാണ്. എറണാകുളം ജനറൽ ആശുപത്രിയിൽ എൻ.എച്ച്.എം മുഖേന നിയമിച്ച ഒരു ന്യൂറോ സർജൻ ജോലി ചെയ്ത് വരുന്നു. |
| (ബി) | ട്രോമ കെയർ സംവിധാനമുള്ള എല്ലാ ആശുപത്രികളിലും ന്യൂറോ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ ജില്ലാ തല ആശുപത്രികളിൽ മാത്രമാണ് ന്യൂറോളജി വിഭാഗം. തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിച്ച് വരുന്നുണ്ട്. |
| (സി) | ജനറൽ ആശുപത്രികളിൽ കാർഡിയാക് ഒ.പി. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി വിഭാഗം തസ്തികകൾ സൃഷ്ടിക്കുകയും കാർഡിയോളജി ഒ.പി. ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മുഴുവൻ ജില്ലാതല ആശുപത്രികളിലും പ്രസ്തുത സൗകര്യം ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ